# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം. 726

04.03.2020-ൽ മറുപടിയ്ക്ക്

## സാംസ്കാരിക സമുച്ചയം

**ചോദ്യം**

ശ്രീ. കെ. സി. ജോസഫ്

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

എ) 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലകളിലെ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

ബി) സാംസ്കാരിക സമുച്ചയത്തിനായി ഏതെങ്കിലും ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ;

എ- യും, ബി- യും) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും 40 കോടി രൂപ വീതം ചെലവഴിച്ച് എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം, പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തുടർന്ന് പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തി, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ശ്രീ. അബ്ദുറഹിമാൻ സാഹിബിന്റെ പേരിൽ സ്ഥാപിക്കുന്ന സമുച്ചയത്തിന്റെ വിശദമായ പദ്ധതിരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിയ്ക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തു. കണ്ണൂർ,

കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ സ്വകാര്യ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ സർക്കാർ/സ്വകാര്യ ഭൂമിയുടെ ലഭ്യത കണ്ടെത്തുവാനുള്ള ശ്രമം തുടരുകയാണ്.

സി) ഇതിലേയേക്കായി ഇതിനോടകം എത്ര രൂപ ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ?

സി) ഈ പദ്ധതിയിൻ പ്രകാരം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി താഴെ പറയും പ്രകാരം കിഫ്ബിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും നാളിതുവരെ ഒന്നും ചിലവഴിച്ചിട്ടില്ല

| ജില്ല | തുക |
|---|---|
| കൊല്ലം | 44,40,70,000/- രൂപ |
| പാലക്കാട് | 56,48,00,000/- രൂപ |
| കാസർഗോഡ് | 36,20,00,000/- രൂപ |

കണ്ണൂർ ജില്ലയിലും, കോഴിക്കോട് ജില്ലയിലും സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനത്തിനു വേണ്ടി പദ്ധതിയുടെ പ്രാരംഭ ചിലവിനത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള സെന്റേജ് തുകയിൽ നിന്നും യഥാക്രമം 20 ലക്ഷം രൂപയും, 50 ലക്ഷം രൂപയും പ്രസ്തുത പദ്ധതിയുടെ എസ്. പി. വി-ആയ കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ വിനിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ